
Parish Bulletin - Sep 09, 2018
**St. Mary's Knanaya Catholic Parish**
7800 W. Lyons, Morton Grove, IL. 60053
www.smkcparish.us . 847 919 5279




**Pastor:** Rev. Fr. Thomas Mulavanal
*eMail: mulavan@hotmail.com Ph: 310 709 5111*
***Associate Pastor:*** *Rev. Fr. Bins Chethalil*
*Ph: 281 818 6518*
***Secretary:*** *Rev. Sr.Sylverius SVM Ph: 224 432 3217*

***Trustees:***
*(Coordinator) Tito Kandarappallil Ph: 847 323 3109*
*Polson Kulangara Ph: 847 207 1274*
*Joy Chemmachel Ph: 312 560 1600*
*Siby Kaithakkathottiyil Ph: 773 620 1202*
*Tony Kizhakkekuttu ph: 847 736 5151*

## HOLY MASS SCHEDULE

**SUNDAY**

07:45am Holy Mass in Malayalam
10:00am Holy Mass in Malayalam
11:45am Holy Mass in English
05:30pm Holy Mass in Malayalam

**MONDAY — THURSDAY**

07:00pm Holy Mass in Malayalam

**TUESDAY**

After Mass Novena to St. Anthony

**THURSDAY**

After Mass Novena to St. Jude

**FRIDAY**

06:00pm Holy Mass in Malayalam

**SATURDAY**

10:00am Holy Mass in Malayalam followed by Novena to Our Lady of Perpetual Help

| Description | Amount |
|---|---|
| Novena | $259.00 |
| Statue Collection | $687.00 |
| Mantra | $434.00 |
| Novena St.Jude | $140.00 |
| Annual Contribution | $871.00 |
| Building Usage | $300.00 |
| Feast Sponsors | $900.00 |
| Flood Relif Kerala | $1,679.00 |
| Wedding Gift | $500.00 |
| Main Feast Income | $2,685.00 |
| Sunday Regular Collection | $1,966.00 |
| *Total Collection For the Week Ending On 09/02/2018* | *$10,421.00* |

## വരും നാളുകളിൽ

| | |
|---|---|
| Nov 23 to 26 | റവ.ഫാ.ഡോമിനിക്ക് വാള്മനാൽ നയിക്കുന്ന ത്രിദിന ബൈബിൾ കൺവെൻഷൻ |

## *അനുഗ്രഹ പ്രഭചൊരിഞ്ഞ് വി.അഗസ്തീനോസിന്റെ തിരുനാൾ ആചരിച്ചു*



മോർട്ടൺഗ്രോവ് സെ.മേരീസ് ദൈവാലയത്തിൽ സെപ്തംബർ 2ന് ഞായറാഴ്ച വി. അഗസ്തീനോസിന്റെ തിരുനാൾ ഭക്ത്യാദരപൂർവ്വം ആചരിച്ചു. രാവിലെ പത്തു മണിക്ക് നടന്ന ലദീഞ്ഞിലും തുടർന്നുള്ള വി. ബലിയർപ്പണത്തിലും അസി. വികാരി റവ.ഫാ.ബിൻസ് ചേത്തലയിൽ കാർമികത്വം വഹിച്ചു. AD 354 നവം.13ന് ജനിച്ച്, AD 394-ൽ അൽജീരിയായിലെ ഹിപ്പോ റേജ്യസ് നഗരത്തിലെ മെത്രാൻ ആവുകയും, AD 430-ൽ ദിവംഗതനായ വിശുദ്ധ അഗസ്തീനോസ് കണ്ണീരിന്റെ പുത്രൻ എന്നാണ് അറിയപ്പെടുന്നത്. തനിക്കുവേണ്ടി ദൈവത്തിന്റെ തിരുസന്നിധിയിൽ അമ്മയായ മോനിക്ക പുണ്യവതി ചൊരിഞ്ഞ കണ്ണീരിൽ അനുഗ്രഹത്തിന്റെ മഴവില്ലു വിരിയിച്ച വിശുദ്ധനാണ് അഗസ്തീനോസെന്നും, കണ്ണുനീർ കുതിർന്ന മണ്ണിലെ ദൈവാനുഗ്രഹത്തിന്റെ വേരോട്ടം ഉണ്ടാവുകയുള്ളൂ എന്ന് തെളിയിച്ച ജീവിതമാണ് വിശുദ്ധന്റെതേന്നും തിരുനാളിനോടനുബന്ധിച്ചു നൽകിയ വചന സന്ദേശത്തിൽ ബഹു.ഫാദർ ബിൻസ് ചേത്തലിൽ അനുസ്മരിച്ചു. നിരവധിപേർ ചേർന്ന് ഏറ്റെടുത്ത് നടത്തിയ തിരുനാൾ കർമ്മങ്ങളിൽ വിശുദ്ധന്റെ മാധ്യസ്ഥം തേടിഎത്തിയ നൂറുകണക്കിന് വിശ്വാസികൾ തിരുസ്വരൂപം വണങ്ങുകയും നേർച്ചകാഴ്ചകൾ സമർപ്പിക്കുകയും ചെയ്യുതു. വി. അഗസ്തീനോസിന്റെ ജീവിതത്തെ കോർത്തിണക്കി രചിക്കപ്പെട്ട മനോഹരമായൊരു ഭക്തിഗാനം ഗായക സംഘത്തിന്റെ നേതൃത്വത്തിൽ ആദ്യമായി ആലപിച്ചു കൊണ്ടായിരുന്നു കർമ്മങ്ങളുടെ സമാപനം. തുടർന്ന് ദേവാലയ പരിസരത്ത് തടിച്ചുകൂടിയ ജനസമൂഹമധ്യേ നടന്ന ജനകീയ ലേലത്തിന് ചർച്ച് എക്സിക്യൂവ് അംഗങ്ങൾ നേതൃത്വം നല്കി






**എലിയാ സ്ളീവ മൂശാക്കാലം മൂന്നാം ഞായർ / Third Sunday of ELIJAH-CROSS-MOSES**

| Sep 09 | PASSAGE | 10:00 AM Mass | 11:45 AM English Mass |
|---|---|---|---|
| 1st Reading | Deut 07: 12– 16 | Lizy Mullapallil | Alina Anchankunnathu |
| 2nd Reading | Is 32 : 01-08 | Reji Valloor | Kayla Viruthikulangara |
| Gospel | Mt 13 : 24—30 | | |

# വിശുദ്ധ മദർ തെരേസായുടെ തിരുനാൾ ആചരിച്ചു

അഗതികളുടെ അമ്മയെന്ന്റിയപ്പെടുന്ന കൽക്കട്ടയിലെ വി.മദർ തെരേസായുടെ തിരുനാൾ സെപ്തംബർ അഞ്ചാം തീയതി ബുധനാഴ്ച വൈകിട്ട് 7മണിക്ക് സെ. മേരീസ് ദൈവാലയത്തിൽ ഭക്തിനിർഭരമായി ആചരിച്ചു. തികഞ്ഞ മരിയ ഭക്തയായിരുന്ന വിശുദ്ധ മദർ തെരേസായുടെ തിരുനാൾ പരി. മാതാവിൻറെ എട്ടുനോമ്പാചരണ നിറവിൽ ആചരിച്ചത് ഏറെ അനുഗ്രഹപ്രഭചൊരിഞ്ഞ നിമിഷങ്ങളായിരുന്നു. ഇടവക വികാരി മോൺ. തോമസ് മുളവനാൽ വി.ബലിയിൽ മുഖ്യകാർമികത്വം വഹിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു. അസി.വികാരി ഫാദർ ബിൻസ് ചേത്തലിൽ,ഫാദർ ബോബൻ കൊല്ലപ്പള്ളി, ഫാദർ മാത്യു ക്ലാക്കീയിൽ എന്നിവർ സഹകാർമികരായിരുന്നു.വി.കുർബാനക്ക് ശേഷം നാട്ടിൽ നിര്യാതനായ കോട്ടയം അതിരൂപതയിലെ സീനിയർ വൈദികനും സുറിയാനി പണ്ഡിതനുമായ ബഹുമാനപ്പെട്ട മാത്യു ചെള്ളക്കണ്ടത്തിൽ അച്ഛനുവേണ്ടി ഒപ്പീസും നടത്തപ്പെട്ടു. മിഖായേൽ റേശ് മാലാഖയോടുള്ള നോവേനയിലും, എട്ടുനോമ്പ്നോട് അനുബന്ധിച്ച് നടക്കുന്ന പ്രത്യേക പ്രാർത്ഥന കർമ്മങ്ങളിലും, നേർച്ച കാഴ്ച സമർപ്പണത്തിലും തുടർന്നുനടന്ന പാച്ചോറ് സൽക്കാരത്തിലും , നൂറുകണക്കിന് ജനങ്ങൾ പങ്കെടുത്തു.ഭവനങ്ങളിൽ നിന്നും ശേഖരിച്ച പച്ചക്കറിവിള ഉൽപ്പന്നങ്ങളുടെ വിതരണവും ചടങ്ങുകളുടെ സമാപനത്തിൽ നടത്തപ്പെട്ടു.














## അറിയിപ്പുകൾ അടുത്തയാഴ്ച

- സെ.മേരിസ് ഇടവകയിൽ പ്രവർത്തിക്കുന്ന വിമൻസ് മിനിസ്ട്രിയുടെ പ്രവർത്തന വാർഷിക ഉദ്ഘാടനം സെപ്തംബർ 9 ന് ഞായറാഴ്ച രാവിലെ വിശുദ്ധ കുർബാനക്കുശേഷം നടത്തപ്പെടും. ഇടവകയിലെ എല്ലാ വനിതകളും ഈ ചടങ്ങിൽ സംബന്ധിക്കണമെന്ന് അറീയിക്കുന്നു.

- ഫാദർ ടോം ഉഴുന്നാലിൽ സെ.മേരിസ് ദൈവാലയത്തിൽഎത്തുന്നു. ദീർഘനാൾ യെമനിൽ തീവ്രവാദികളുടെ തടങ്കലിൽ കഴിയേണ്ടിവന്ന ജസ്യൂട്ട് സഭ വൈദികനായ ഫാ. ടോം ഉഴുന്നാലിൽ ആദ്യമായി അമേരിക്കയിൽ എത്തുന്ന വേളയിൽ സെപ്തംബർ 9 ന് ഞായറാഴ്ച രാവിലെ 10 മണിക്ക് സെ.മേരിസ് ദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിച്ച് തന്റെ അനുഭവസാക്ഷ്യങ്ങൾ പങ്കുവയ്ക്കുന്നു.

- പ്രളയക്കെടുതിയിൽ അകപ്പെട്ടവർക്ക് വേണ്ടി ഒരുക്കുന്ന ഭവന നിർമ്മാണ പദ്ധതിയിൽ സ്പോൺസർ ചെയ്യാൻ അവസരം. കേരളത്തിലെ മഹാപ്രളയത്തിൽ വീടുകൾ പൂർണമായും നഷ്ടപ്പെട്ടവരെ സഹായിക്കുന്നതിന്റെ ഭാഗമായി കോട്ടയം അതിരൂപത സോഷ്യൽ സർവീസ് വഴി നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയിലേക്ക് സഹായിക്കുവാൻ താൽപര്യമുള്ളവർ 5000 ഡോളർ സ്പോൺസർ ചെയ്ത് അംഗമാകുവാനവസരമുണ്ട്. താല്പര്യമുള്ള സുമനസ്സുകൾ വികാരിയച്ചനുമായി ബന്ധപ്പെട്ടുകൊണ്ട് ഈ സംരംഭത്തിൽ പങ്കാളികളാവുക.
- പരി.മാതാവിന്റെ ജനനത്തിരുനാളിനോട് അനുബന്ധിച്ച് ഏറ്റവും മനോഹരമായി മാതാവിൻറെ തിരുസ്വരൂപം അലങ്കരിക്കുന്നതിനായിട്ട് ഭവന തലത്തിലുള്ള മത്സരവും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ അസി.വികാരി ബഹുമാനപ്പെട്ട ബിൻസ് ചേത്തലിൽ അച്ചനുമായി ബന്ധപ്പെടേണ്ടതാണ് (281) 818-6518).

### മോർട്ടൺ ഗ്രോവ് അമ്മയുടെ ജനനത്തിരുനാളിനായി ഒരുക്കുന്ന മരിയ ഭക്തർ



*ഫാദർ ടോം ഉഴുന്നാലിൽ സെ.മേരിസ് ദൈവാലയത്തിൽഎത്തുന്നു. ദീർഘനാൾ യെമനിൽ തീവ്രവാദികളുടെ തടങ്കലിൽ കഴിയേണ്ടിവന്ന ജസ്യൂട്ട് സഭ വൈദികനായ ഫാ. ടോം ഉഴുന്നാലിൽ ആദ്യമായി അമേരിക്കയിൽ എത്തുന്ന വേളയിൽ സെപ്തംബർ 9 ന് ഞായറാഴ്ച രാവിലെ 10 മണിക്ക് സെ.മേരിസ് ദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിച്ച് തന്റെ അനുഭവസാക്ഷ്യങ്ങൾ പങ്കുവയ്ക്കുന്നു.*

